പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 576 13-10-2026-ൽ മറുപടിയ്ക്ക്

<u>പീക്ക് ലോഡ് മാനേജ്മെന്റ് – വൈദ്യുതി മേഖല</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി പവർകട്ട്/ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;

<u>**മറുപടി:**</u> ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ജൂൺ, ജൂലൈ, സെപ്തംബർ മാസങ്ങളിലെ ചില ദിസങ്ങളിൽ 15 മുതൽ 25 മിനിറ്റ് വരെ ദൈർഘ്യമുള്ള സ്ലോട്ടുകളിലായി പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി ഏത് സമയത്താണ് പവർകട്ട്/ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്;

<u>**മറുപടി:**</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഒരു ട്രാൻസ്ഫോർമറിന് കീഴിൽ പ്രതിദിനം എത്ര സമയമാണ് പവർകട്ട്/ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്;

<u>**മറുപടി:**</u> ലോഡ് നിയന്ത്രണം ഓരോ 11 കെ.വി. ഫീഡറിലുമാണ് നടപ്പിലാക്കുന്നത്. ഓരോ ഫീഡറിലും ഏകദേശം 25 ഓളം ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുന്നതിനാൽ, ട്രാൻസ്ഫോർമർ തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

**(ഡി)** ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഇ.ബി. നാളിതുവരെ പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി പവർ സപ്ലൈ തടസ്സപ്പെട്ടേക്കാം എന്ന എസ്.എം.എസ്. എത്ര എണ്ണം അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഇ.ബി. നാളിതുവരെ പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി ‘പവർ സപ്ലൈ തടസ്സപ്പെട്ടേക്കാം’ എന്ന് 211431291 എണ്ണം എസ്.എം.എസ് ഉപഭോക്താക്കൾക്ക്അയച്ചിട്ടുണ്ട്.

**(ഇ)** വരാനിരിക്കുന്ന വേനൽക്കാലത്ത് വൈദ്യുതി പ്രതിസന്ധി രൂക്ഷമാകാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്?

__മറുപടി:__ വരാനിരിക്കുന്ന വേനൽക്കാലത്ത് വൈദ്യുതി പ്രതിസന്ധി രൂക്ഷമാകാതിരിക്കാനും ലോഡ് നിയന്ത്രണം ഒഴിവാക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുതി ആവശ്യകത കൂടുതലുള്ള ഈവനിംഗ് പീക്ക് സമയത്തെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി നിയന്ത്രണം പൂർണമായി ഒഴിവാക്കുന്നതിനുമായി, ഒക്ടോബർ മാസം മുതൽ ഏപ്രിൽ വരെ DEEP വൈദ്യുതി വാങ്ങൽ പ്ലാറ്റ്ഫോമിലൂടെ ഉള്ള ടെൻഡറുകൾ മുഖേന കൂടുതൽ വൈദ്യുതി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര ഉൽപ്പാദന നിലയങ്ങളിൽ നിന്ന് 150 മെഗാവാട്ട് അധിക വിഹിതം സെപ്തംബർ മുതൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവയ്ക്ക് പുറമേ, ലഭ്യമായ ജലവൈദ്യുത പദ്ധതികളിലെ ഉത്പാദനം പീക്ക് സമയങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രിഡ് ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന് പുറത്തുനിന്നുള്ള വൈദ്യുതി കൈമാറ്റശേഷി (Power Transfer Capacity) വർധിപ്പിക്കുന്നതിനായി 400 കെ.വി. കരിന്തളം സബ്സ്റ്റേഷൻ ഈ വർഷം ഡിസംബർ മാസത്തോടെ പ്രവർത്തനസജ്ജമാക്കും. ഇതിലൂടെ സംസ്ഥാനത്തേക്കുള്ള വൈദ്യുതി ഇറക്കുമതി ശേഷി ഗണ്യമായി വർധിക്കുകയും ഗ്രിഡിന്റെ സുരക്ഷയും പ്രവർത്തനക്ഷമതയും മെച്ചപ്പെടുകയും ചെയ്യും.

കൂടാതെ, ആഭ്യന്തര വൈദ്യുതി സംവിധാനത്തിന്റെ കാര്യക്ഷമതയും പീക്ക് സമയങ്ങളിലെ ലഭ്യതയും വർധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികളും ഈ വർഷാവസാനത്തോടെ ഉപയോഗത്തിനായി സജ്ജമാകും. ഈ പദ്ധതികൾ പ്രവർത്തനസജ്ജമാകുന്നതോടെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും ഗ്രിഡിന്റെ പ്രവർത്തന സ്ഥിരത മെച്ചപ്പെടുത്തുന്നതിനും സാധ്യമാകും.

**സെക്ഷൻ ഓഫീസർ**